(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 5 ലക്ഷം രൂപയും അതിനുമുകളിലുമുള്ള എല്ലാ മരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ വഴി നടപ്പിലാക്കണമെന്ന ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 17-11-2015-ലെ സ.ഉ.(പി) നമ്പർ 524/15/ധന. ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷം രൂപയും അതിനുമുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്

71 (1811) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഗ്രാമീണ റോഡുകൾ പി ഡബ്ല്യു. ഡി. മുഖേന നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടും, തുക ലഭിക്കുന്നതിനുള്ള തടസ്സം നേരിടുന്നതുമൂലം സമയബന്ധിതമായ പ്രവൃത്തി ചെയ്യാൻ കഴിയാതെ വരുന്നതിനാൽ ഇക്കാര്യത്തിൽ ധനകാര്യവകുപ്പ് സമയബന്ധിതമായി ഇടപെട്ട്, പ്രവർത്തനം നടത്താൻ വേണ്ട അനുകൂല സാഹചര്യമുണ്ടാക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യുന്ന പ്രവൃത്തികൾക്ക് തുക ലഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥ പ്രകാരം സംസ്ഥാനതല സീനിയോറിറ്റി ബാധകമാണ്. പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യുന്ന പ്രവൃത്തികളുടെ ബിൽതുക സീനിയോറിറ്റി പ്രകാരം നൽകണമെന്നുള്ളത് ബഹു. ഹൈക്കോടതിയുടെ 11-4-2001-ലെയും 18-10-2002-ലെയും സി.സി.സി. 803/2000 നമ്പർ ഉത്തരവിനെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. ആയതിനാൽ സീനിയോറിറ്റി ഒഴിവാക്കി ബിൽ തുക നൽകൽ കോടതിയലക്ഷ്യത്തിനു കാരണമാകും. സീനിയോറിറ്റി പ്രകാരം തുക നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

പലിശ സമാശ്വാസ പദ്ധതി

72 (1812) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സംരംഭകർക്കായി ബജറ്റിലൂടെ പ്രഖ്യാപിച്ച പലിശ സമാശ്വാസ പദ്ധതിയുടെ ഭരണാനുമതി നല്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly